## ജില്ലാ പ്രോജക്ട് ഓഫീസറുടെ നടപടിക്രമം

## എസ്എസ്എ, എറണാകുളം

## (ഹാജർ : ശ്രീ. ഇ വസന്തൻ)

വിഷയം - എസ്എസ്എ എറണാകുളം - സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം പദ്ധതി തുക അനുവദിച്ച് ഉത്തരവാകുന്നു.

സൂചന -
1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറുടെ 8/06/2013 ലെ പി 4-5913/11/SSAനമ്പർ കത്ത്
2. AWP & B 2013-14
3. ഈ ട്രാൻസ്ഫർ സംബന്ധിച്ച ഈ ഓഫീസ് ഉത്തരവുകൾ
4. 20/11/2013 ലെ ജില്ലാ പ്രോജക്ട് ഓഫീസർമാരുടെ സംസ്ഥാനതല അവലോകനയോഗതീരുമാനം

### ഉത്തരവ് നം എ2-883/13/SSA/EKM തീയതി 28/11/2013

2013-14 വർഷത്തെ പദ്ധതി പ്രകാരം സർക്കാർ സ്കൂളുകളിലെ ഒന്നാം ക്ലാസ്സുമുതൽ എട്ടാം ക്ലാസുവരെയുള്ള എല്ലാ പെൺകുട്ടികൾക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എല്ലാ ആൺകുട്ടികൾക്കും, ബി പി എൽ വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കും സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിനാവശ്യമായ തുക എല്ലാ ഹെഡ്മാസ്റ്റർമാർക്കും അടിയന്തിരമായി (4) നൽകണമെന്ന് സൂചന പ്രകാരം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

അതിന്റെ അടിസ്ഥാനത്തിൽ ടി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് ഒരു വിദ്യാർത്ഥിക്ക് രണ്ട് ജോഡി യൂണിഫോം വാങ്ങുന്നതിന് 400 രൂപ ക്രമത്തിൽ സ്കൂൾ ഹെഡ്മാസ്റ്റർക്ക് തുക അനുവദിക്കുന്നതിന് ജില്ലയിലെ എല്ലാ ബി പി ഒ മാർക്കും അനുമതി നൽകി ഉത്തരവാകുന്നു. സ്കൂൾ ഹെഡ്മാസ്റ്റർമാരുടെ റിക്വയർമെന്റിന്റെ അടിസ്ഥാനത്തിൽ ഇ-ട്രാൻസ്ഫർ മുഖേന സ്ക്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾക്ക് യൂണിഫോമിനാവശ്യമായ തുക അനുവദിക്കേണ്ടതാണ്. യൂണിഫോം വിതരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മാത്രമേ സ്ക്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ തുക ചെലവഴിക്കുവാൻ പാടുള്ളൂ.

ബി പി ഒ മാർ യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട ചെലവിന്റെ കണക്കുകളും, വൗച്ചറുകളും സമാഹരിച്ച് നിശ്ചിത ദിവസത്തിനകം ക്രമീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പിഴപലിശ സഹിതം മുഴുവൻ തുകയും തിരികെ ഈടാക്കുന്നതായിരിക്കും.

ഈ ചെലവ് " AWP & B 2013-14 - Provision of 2 set of uniform-7" എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

ജില്ലാ പ്രോജക്ട് ഓഫീസർ
എറണാകുളം

സ്വീകർത്താവ്

എല്ലാ ബി പി ഒ മാർക്കും

ഉള്ളടക്കം :

പകർപ്പ്
1. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ട്സ് ഓഫീസർ
3 അക്കൗണ്ട്സ് സെക്ഷൻ
4 എ2 സെക്ഷൻ
5 സംരക്ഷണ ഫയൽ